(ഡി) പട്ടയം നൽകിയ ഭൂമിയിൽ ഉടമസ്ഥർ നട്ടുവളർത്തിയ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുവാദം നൽകിക്കൊണ്ട് സർക്കാർ ഉത്തരവിടുമോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ;

(എഫ്) ദേവികുളം താലൂക്കിലുള്ള വെള്ളത്തൂവൽ, പള്ളിവാസൽ മുതലായ പഞ്ചായത്തുകളിലെ പട്ടയഭൂമിയിലുള്ളതും ഉടമസ്ഥർ നട്ടു വളർത്തിയിട്ടുള്ളതുമായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവിടാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

റവന്യൂവകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) പതിച്ചുകൊടുക്കാൻ പറ്റിയ ഭൂമി കൂടുതലുള്ള താലൂക്കുകളിൽ സ്പെഷ്യൽ തഹസീൽദാർമാരേയും അല്ലാത്തിടങ്ങളിൽ താലൂക്ക് തഹസീൽദാർമാരേയും ഭൂമി പതിച്ച് പട്ടയംകൊടുക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്. ഭൂമി പതിവിൽ ഓരോ മാസവുമുള്ള പുരോഗതി അവലോകനം ചെയ്യുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) 1964-ലെ കേരള ഭൂമിപതിവ് ചട്ടത്തിലെ വ്യവസ്ഥകളനുസരിച്ചാണ് സർക്കാർ വക ഭൂമി പതിച്ചുനൽകുന്നത്. 1-8-1971-ന് മുമ്പുള്ള കൈവശക്കാർക്ക്, അവരുടെ കൈവശാവകാശം നിയമവിരുദ്ധമല്ലെങ്കിൽ കൈവശഭൂമി പതിച്ച് നൽകാവുന്നതാണ്. ഇപ്രകാരം ഭൂമി പതിച്ചുകിട്ടുന്നതിന് വാർഷിക വരുമാനം 3,000 രൂപയിൽ കൂടുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പതിച്ചുകിട്ടിയ ഭൂമിയുടെ ആവശ്യം (വീട് വയ്ക്കുന്നതിനോ കൃഷിക്കോ) അനുസരിച്ച് പട്ടയം ലഭിച്ച് ഒരു വർഷത്തിനകം പ്രസ്തുത ആവശ്യത്തിന് ഉപയോഗപ്പെടുത്തേണ്ടതാണ്. പതിച്ചുകൊടുക്കുന്ന ഭൂമി അനന്തരാവകാശപ്പെട്ടതും, ഒരു നിശ്ചിത കാലയളവിനുശേഷം കൈമാറ്റം ചെയ്യാവുന്നതുമാണ്. വീട് വയ്ക്കുന്നതിനോ ഭൂമിയുടെ വികസനത്തിനോ കൃഷി ആവശ്യങ്ങൾക്കോ വായ്പ ലഭിക്കുന്നതിന് സർക്കാരിനോ മറ്റ് അംഗീകൃത സ്ഥാപനങ്ങൾക്കോ പട്ടയം ഈട് വയ്ക്കാവുന്നതാണ്.

(സി) ഭൂമിപതിവുചട്ടം അനുബന്ധം മൂന്ന് എ, ബി ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന മരങ്ങൾക്ക് ചട്ടപ്രകാരം മരവില അടച്ചശേഷം പട്ടയക്കാരന് വിട്ടുകൊടുക്കാവുന്നതാണ്. എന്നാൽ 1984-ലെ വൃക്ഷസംരക്ഷണ ഓർഡിനൻസ് ചിലതരം മരങ്ങൾ മുറിക്കുന്നത് നിരോധിച്ചിട്ടുണ്ട്.

(ഡി & ഇ) ചിലയിനം മരങ്ങൾ മുറിച്ചുമാറ്റാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

(എഫ്) നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരിശോധിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത

*325 [384] ശ്രീ. കെ. ശങ്കരനാരായണപിള്ള :
,, എ.സി. ഷൺമുഖദാസ് :
,, കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന ഗവൺമെൻറിനും ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, പ്രീമിയർ ടയേഴ്സ്, അപ്പോളോ ടയേഴ്സ്, എൽ.ഐ.സി. എന്നീ സ്ഥാപനങ്ങൾക്കും എത്ര രൂപ വീതം കൊടുത്തുതീർക്കാനുണ്ട് ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) 118,74,50,651.10 രൂപ

(ബി) സംസ്ഥാന ഗവൺമെൻറിന്—70,40,53,137.61 രൂപ

ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്—6,39,51,681.00 രൂപ

പ്രീമിയർ ടയേഴ്സ്—7,03,183.00 രൂപ

അപ്പോളോ ടയേഴ്സ്—54,91,976.00 രൂപ

എൽ ഐ.സി.—8,07,60,000.00 രൂപ

സബ്സിഡി വാങ്ങുന്ന വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം

*326 [385] ശ്രീ. കെ. മൂസ്സക്കുട്ടി :
,, കെ. പുരുഷോത്തമൻ :
,, സി.പി. മുസ്സാൻകുട്ടി :
,, സി.കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സബ്സിഡി വാങ്ങുന്ന വ്യവസായ യൂണിറ്റുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ വ്യവസായ വകുപ്പിൽ എന്തെങ്കിലും സംവിധാനമുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സബ്സിഡി വാങ്ങിയതിനുശേഷം അടച്ചുപൂട്ടുകയോ പ്രവർത്തനം തുടങ്ങാതിരിക്കുകയോ ചെയ്ത വ്യവസായ യൂണിറ്റുകൾ സംസ്ഥാനത്തുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ യും ബി യും) ഉണ്ട്, അതാത് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉദ്യോഗസ്ഥൻമാർ കാലാകാലങ്ങളിൽ വേണ്ട പരിശോധന നടത്തി ആവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ താൽക്കാലിക തൊഴിലാളികൾ

*327 [386] ശ്രീ. സി. വാസുദേവമേനോൻ :
,, ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly